GANDHI WEEK—CELEBRATIONS —ARTICIPATION IN

102. ചൌധരി ജി. എസ്സ്". ധാരാസിംഗ്": താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട് ദയവായി മറുപടിപറയുമോ.—

(എ) കഴിഞ്ഞകൊല്ലം ഒക്ടോബർ മാസത്തിൽ മട്ടാഞ്ചേരിയിൽവെച്ച കൂടിയ ഗാന്ധിവാരാഘോഷത്തിൽ പങ്കെടുത്തതിനു മിസ്സിസ്സ്". സി. കുട്ടൻനായരോട് വിദ്യാഭ്യാസ ഡയറക്ടർ സമാധാനം ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ടകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ആ കല്പനയുടെ പ്രതി മേശപ്പുറത്തു വെക്കുമോ;

(സി) സമാധാനം ബോധിപ്പിച്ചതിനെ തുടർന്ന് എന്തെങ്കിലും നടപടികൾ എടുക്കുകയുണ്ടായോ; ഉണ്ടെങ്കിൽ എന്തു"; ഇവകളുടെ ഓരോ പ്രതിയും മേശപ്പുറത്തു വെക്കാമോ;

(ഡി) ഈ സംഭവത്തെ സംബന്ധിച്ചു" എന്തെങ്കിലും അന്വേഷണം ഡിപ്പാർട്ട്മെണ്ടിൽനിന്നും നേരിട്ട നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർ;

(ഇ) മഹാത്മജിയുടെ ജന്മദിനം സ്കൂളുകളിൽ കൊണ്ടാടുന്നതും നിരോധിച്ചിട്ടുണ്ടോ;

(എഫ്") സ്വന്തം അദ്ധ്യാപകന്മാരെ മഹാത്മജിയുടെ ജന്മദിനാഘോഷത്തിൽ പങ്കെടുക്കുന്നതിൽനിന്നും നിരോധിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : (എ) ഉണ്ട്".

(ബി) കല്പനയുടെ ഒരു പ്രതി മേശപ്പുറത്തു വെച്ചിട്ടുണ്ട്".

(സി) ഉണ്ട്". കല്പനയുടെ ഒരു പ്രതി മേശപ്പുറത്തു വെച്ചിട്ടുണ്ട്".

(ഡി) ഇല്ല. പോലീസുവകുപ്പിൽനിന്നും ഇതിനെക്കുറിച്ചു അന്വേഷണം നടത്തുകയും ഏ-ാം സ്റ്റാൻറിങ്ങ് ഓർഡറിനു വിരുദ്ധമായി രാഷ്ട്രീയ യോഗത്തിൽ സംബന്ധിച്ചതിനു റിപ്പോർട്ടയക്കുകയും ഉണ്ടായി.

(ഇ) ഇല്ല. എന്നാൽ അങ്ങിനെ കൊണ്ടാടുന്നതിൽ ഏ-ാം സ്റ്റാൻറിങ്ങ് ഓർഡറിലെ താല്പര്യപ്രകാരം രാഷ്ട്രീയമായി ഒന്നും പാടുള്ളതല്ല.

(എഫ്") ഇല്ല. (ഇ)ക്കു നേരെ എഴുതിയ റിമാർക്സ് ഇതിനും ബാധകമാണു".

ചൌധരി ജി. എസ്സ്". ധാരാസിംഗ്": സമാധാനം ബോധിപ്പിക്കാനായി ഒരു മെമ്മൊ അയച്ചിരുന്നുവല്ലൊ. അതിൽ എന്താണു പറഞ്ഞിട്ടുള്ളതു് എന്നു പറയാമോ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : ആ മെമ്മൊ ഇവിടെയുണ്ട്". അതു ഞാൻ വായിക്കാം.

"It is reported that Sri. K. Kallianikutty Amma, Teacher, H. S., Ollur, presided over a public meeting at Mattancheri on 5th October 1945 (19th Kanni 1121) in connection with Gandhi Jayanthi and that persons with objectionable political activities had addressed the meeting. The Headmaster, H.S., Ollur, is requested to obtain and submit her explanation for presiding over such a meeting".

ചൌധരി ജി. എസ്സ്". ധാരാസിംഗ്": അതിൽ persons of objectionable political activities ർഎന്നു പറഞ്ഞിട്ടുണ്ടല്ലൊ അതു് ആരെല്ലാമാണെന്നു പറഞ്ഞാൽകൊള്ളാം.

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : പോലീസധികൃതന്മാരുടെ റിപ്പോർട്ടനുസരിച്ചു് ഒരു താക്കീതു നൽകി എന്നല്ലാതെ, അതു ആരെല്ലാമാണെന്നു് അന്വേഷിക്കേണ്ട ആവശ്യം നേരിട്ടില്ല.

ചൌധരി ജി. എസ്സ്". ധാരാസിംഗ്": പോലീസധികൃതന്മാർ എന്തു റിപ്പോർട്ട് ചെയ്താലും അതനുസരിച്ചു് യാതൊരന്വേഷണവും നടത്താതെ Action എടുക്കാനാണോ അവിടെ ഇരിക്കുന്നതു"?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: അങ്ങിനെയില്ല. വേണ്ട അന്വേഷണം നടത്തി എന്നിട്ടാണു" താക്കീതു നൽകിയതു".

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: Objectionable speeches നടത്തിയ ആ മീറ്റിങ്ങിൽ ആരെല്ലാം ഹാജരായിരുന്നു എന്നു പറയാമൊ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: അതിനെക്കുറിച്ചു് റിപ്പോർട്ടുണ്ടായില്ല.

ചൌധരി ജി. എസ്സ്". ധാരാസിംഗ്": ഡയറക്ടർ അതിനെപ്പറ്റി ഡിപ്പാർട്ട്മെൻറലായി വല്ല അന്വേഷണവും നടത്തിയൊ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അതിന്റെ ആവശ്യം ഇല്ലെന്ന് തോന്നീട്ടാണോ അനേഷിക്കാതിരുന്നത്?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: ആവശ്യമുണ്ടെന്ന് തോന്നിയില്ല.

ചൌധരി ജി എസ്സ്. ധാരാസിംഗ്: ഒരു അദ്ധ്യാപികയുടെ പേരിൽ ഇങ്ങിനെ ഒരു ഓർഡർ പാസ്സാക്കുവാൻ കാരണം യാതൊന്നുമില്ലെന്നാണ് പത്രങ്ങളിൽനിന്നും പൊതുജനങ്ങളിൽനിന്നും മനസ്സിലായത്. എന്നിട്ടും പോലീസിന്റെ റിപ്പോർട്ടനുസരിച്ചുമാത്രം അവരെ ശിക്ഷിച്ചത് ശരിയാണൊ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: പോലിസ്റിപ്പോർട്ട് കിട്ടിയതിനുശേഷം, അവർ അങ്ങിനെ ഒരു മീറ്റിങ്ങിൽ സംബന്ധിച്ചു എന്നു ബോദ്ധ്യമായപ്പോൾ ഒരു താക്കീത നൽകി എന്നല്ലാതെ യാതൊരു ശിക്ഷയും നൽകീട്ടില്ല.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ആ മീറ്റിങ്ങ് രാഷ്ട്രീയമായിരുന്നുവൊ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: രാഷ്ട്രീയമായുണ്ടായിരുന്നു.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഗാന്ധിജയന്തി കൊണ്ടാടുന്നത് രാഷ്ട്രീയമാണൊ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: ഗാന്ധിജയന്തി കൊണ്ടാടുന്നത് രാഷ്ട്രീയമാകണമെന്നില്ല. പക്ഷെ ഏ.ഒ-ാം സ്റ്റാൻറിങ്ങ് ഓർഡർ അനുസരിച്ച് രാഷ്ട്രീയമായ പ്രസംഗങ്ങളും ഉണ്ടാകുന്ന പൊതുയോഗങ്ങളിൽ സംബന്ധിക്കാൻ പാടില്ലെന്നുണ്ട്. അതനുസരിച്ചാണ് താക്കീത നല്കിയത്. ഏ.ഒ-ാം സ്റ്റാൻറിങ്ങ് ഓർഡറിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് ശിക്ഷാർഹമാണ്.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഈ ഏ.ഒ-ാം സ്റ്റാൻറിങ്ങ് ഓർഡർ എന്താണെന്ന് പറഞ്ഞാൽ കൊള്ളാം.

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: അതു ഞാൻ വായിക്കാം.

Standing Order 72 "No officer of Government should, as a rule, attend a political meeting where the fact of his presence is likely to the misconstrued or to impair his usefulness as an official, nor may he take part in the proceedings of a political meeting or agitation".

മിസ്റ്റർ പി. കെ. ഡീവർ: അതു് ഒരു പൊളിറ്റിക്കൽ മീറ്റിങ്ങ് ആയിരുന്നുവോ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: അല്ല.

മിസ്റ്റർ പി. കെ. ഡീവർ: പിന്നെ ഇതു് എങ്ങിനെ അവർക്ക് ബാധകമാകും?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: പൊളിറ്റിക്കൽ അല്ലാത്ത യോഗങ്ങളിലും സംഗതിവശാൽ ഒരാൾക്കു് പൊളിറ്റിക്കൽ ആയ പ്രസംഗങ്ങളും ചെയ്യാൻ കഴിയും. അങ്ങിനെ പൊളിറ്റിക്കലായ പ്രസംഗങ്ങളും ഉണ്ടായി എന്നാണ് റിപ്പോർട്ട്.

മിസ്റ്റർ പി. കെ. ഡീവർ: പൊളിറ്റിക്കൽ അല്ലാത്ത ഒരു മീറ്റിങ്ങിൽ പോയാൽ അവിടെ ഏതെങ്കിലും പൊളിറ്റിക്കലായി പ്രസംഗിച്ചുവെങ്കിൽ അതിനു് ഇയ്യാൾ കുറക്കാരനാകുമൊ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: ഗവമ്മെണ്ടു് servants ആണെങ്കിൽ കുറക്കാരാകും.

മിസ്റ്റർ പി. കെ. ഡീവർ: പിന്നെ എങ്ങിനെയാണു് അതിൽനിന്നൊഴിവാകുക.

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: അങ്ങിനെയുള്ള പ്രസംഗങ്ങളും ഉണ്ടായാൽ അപ്പോൾ ഇറങ്ങിപ്പോരണം.

Rao Sahib K. Ayyapan *(Ezhuvas-Kanayannur):* That is in the case of attending a political meeting; this was not a political meeting.

Mr. P. Sankaran Nambiar *(Director of Public Instruction):* It assumed a political turn.

മിസ്റ്റർ പി. കെ. ഡീവർ: ഒരു മീറ്റിങ്ങിൽ അങ്ങിനെ പ്രസംഗിക്കുമ്പോൾ ഒരു പോലീസ് ഇൻസ്പെക്ടരാണെങ്കിൽ ഇറങ്ങിപ്പോരുമോ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: അതു വേറെ കാര്യമാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ നിയമസഭയിൽ politics അല്ലെ പറയുന്നതു്?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: അതു് objectionable അല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ പൊളിറ്റിക്കൽ activities-ൽ ഏതൊക്കെ പെടും?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: ഇവിടത്തെ ഒന്നും അങ്ങനെയുള്ള പൊളിറ്റിക്കൽ activities-ൽ പെടുന്നതല്ല.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: മിസ്സിസ്സ് കുട്ടൻനായർ ആ മീറ്റിങ്ങിൽ അദ്ധ്യക്ഷം വഹിച്ചു എന്നാണ് പറഞ്ഞതു്. അവരുടെ പ്രസംഗത്തിന്റെ വല്ല റിപ്പോർട്ടും കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: ഇല്ല.

ചൌധരി ജി.എസ്സ്. ധാരാസിംഗ്: പിന്നെ എന്തിനെ അടിസ്ഥാനപ്പെടുത്തിയാണു ശിക്ഷിച്ചതു് ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: പോലീസ് റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണു്.

മിസ്റ്റർ പി. കെ. പോൾ: ഇനിയെങ്കിലും പോലീസിന്റെ റിപ്പോർട്ടിനെ മാത്രം അടിസ്ഥാനപ്പെടുത്തി ആളുകളെ ശിക്ഷിക്കാതിരിക്കാൻ ദയവുണ്ടാകുമോ ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: ശിക്ഷിച്ചിട്ടില്ല. ഒരു താക്കീതു കൊടുത്തിട്ടേയുള്ളൂ.

മിസ്റ്റർ പി. കെ. പോൾ: ഇതും ഒരു ശിക്ഷയല്ലെ? മേലാലെങ്കിലും ഇങ്ങിനെ ശിക്ഷിക്കാതിരിക്കുമോ ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: അതൊരു വലിയ ശിക്ഷയായി കണക്കാക്കിയിട്ടില്ല.

മിസ്റ്റർ പി. കെ. പോൾ: ആ ശിക്ഷക്കു് അവർ അർഹരല്ലെന്നു തെളിവുകൾ തരുന്ന പക്ഷം അതു പിൻവലിക്കുവാൻ ദയവുണ്ടാകുമോ ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: അതൊരു വലിയ ശിക്ഷയായി കണക്കാക്കേണ്ടതില്ല. അങ്ങിനെ വേണമെങ്കിൽതന്നെ അവർ നേരിട്ടപേക്ഷിക്കുന്നപക്ഷം ആലോചിക്കാവുന്നതുമാണു്. പക്ഷെ അതിന്റെയൊന്നും ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. കെ. പോൾ: ശിക്ഷയിൽനിന്നൊഴിവാക്കേണ്ടതിന്റെ ആവശ്യമില്ലെന്നാണൊ പറയുന്നതു് ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: ഇതു് ഒരു വലിയ ശിക്ഷയാണോ എന്നു സംശയമാണു്.

മിസ്റ്റർ പി. കെ. പോൾ: രാഷ്ട്രീയപ്രവർത്തകന്മാക്കു് ഈ ശിക്ഷ ഭക്ഷണമായിട്ടാണൊ വരുന്നതു് ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: രാഷ്ട്രീയപരിവർത്തനത്തിൽ ഒരുകാലത്തു ഭക്ഷണമായിരുന്നതു് മറ്റൊരുകാലത്തു ഭക്ഷണമായിട്ടല്ലെ പരിണമിക്കുന്നതു് ?

Mr. Puthur Achyuta Menon *(Kattur)*: May I know, Sir, whether an article in the 'Deenabandhu' has drawn the attention of the Government that in a meeting in which the Director of Public Instruction presided a man of 'objectionable features' according to the Government attended and made a speech ?

Mr. P. Sankaran Nambiar *(Director of Public Instruction)*: I have no information. I do not know to what particular article the Hon'ble Member is referring.

Mr. Puthur Achyuta Menon *(Kattur)*: It is the same article as the one dealing with the punishment given to Sry. K. Kallianikutty Amma.

Mr. P. Sankaran Nambiar *(Director of Public Instruction)*: I have not seen it.

Mr. Puthur Achyuta Menon *(Kattur)*: Will the Government be pleased to go into that article?

Mr. P. Sankaran Nambiar *(Director of Public Instruction)*: Oh, yes.

ചൌധരി ജി എസ്സ്.ധാരാസിങ്ങ്: ഡിപ്പാർട്ടുമെന്റിൽനിന്നും ഒരന്വേഷണം നടത്താമൊ ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: അതു വളരെക്കാലങ്ങൾക്കു മുമ്പു കഴിഞ്ഞ സംഗതിയാണു്. അതിനു് ഇപ്പോൾ ഒരന്വേഷണം നടത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ചൌധരി ജി. എസ്സ്. ധാരാസിങ്ങ്: അവക്കു് ഒരു വാർണിങ്ങ് കൊടുത്തിട്ടുണ്ടോ ; അതു പിൻവലിക്കാൻ കാരണമുണ്ടെങ്കിൽ അതിനു വേണ്ട നടപടികളെടുക്കുമോ ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: അവക്കു വല്ല ആക്ഷേപവുമുണ്ടെങ്കിലല്ലേ അതിന്റെ ആവശ്യമുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : മിസ്സിസ്സ് കുട്ടൻനായരെ തൃശ്ശിവപേരൂർ നിയമിക്കാതെ തൃശ്ശിവപേരൂർനിന്നും വളരെ അകലെ നിയമിക്കുന്നതായിട്ട് കാണുന്നതും ഇക്കാര്യവുമായി വല്ല ബന്ധവുമുണ്ടോ ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : അതു് ഇപ്പോഴത്തെ കാര്യമല്ല. വളരെ പഴയ കാര്യമാണു്. അതുമിതുമായിട്ട് യാതൊരു ബന്ധവുമില്ല.

മിസ്റ്റർ പി. ടി. ജേക്കബ് : തൃശ്ശിവപേരൂക്ക് മാറ്റം ആവശ്യപ്പെട്ടാൽ കൊടുക്കുമോ ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : നിവൃത്തിയുള്ളേടത്തോളം മാറ്റം ആവശ്യപ്പെട്ടാൽ അതാതു നാട്ടുകാക്കു് അതാതു നാട്ടിൽതന്നെ കൊടുത്തുവരുന്നുണ്ടു്. ആവശ്യപ്പെട്ടാലും തരമുണ്ടെങ്കിൽ മാത്രമേ കൊടുക്കാൻ നിവൃത്തിയുള്ളൂ.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ . മിസ്സിസ്സ് കുട്ടൻനായരെ തൃശ്ശിവപേരൂർ നിന്നും മാറ്റുവാൻ കാരണമുണ്ടായിരുന്നുവൊ ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : ഉണ്ടായിരുന്നു.

Mr. K. T. Achuthan *(Ezhuvas-Mukundapuram)* : Is she not one of the best teachers in service?

Mr. P. Sankaran Nambiar *(Director of Public Instruction)* : I have not yet come across any adverse report about her as a teacher.

മിസ്റ്റർ പി. കെ. ഡീവർ : ആ പണീഷ്മെൻറ് ചെയ്യാൻ കാരണമുണ്ടെന്നു പറഞ്ഞതെന്താണു് ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : അതു് വേറെ കാര്യമാണു്. അതു് ഇതിൽ പെടുകയില്ല.

മിസ്റ്റർ പി. കെ. ഡീവർ : വാർണിങ്ങ് പണീഷ്മെൻറാകയില്ലേ ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : വളരെ ലഘുവായ പണീഷ്മെൻറാണു്.

മിസ്റ്റർ പി. ടി. ജേക്കബ്ബ് : ലഘുവായ പണീഷ്മെൻറാണെങ്കിലും അതു ശരിയായ കാരണത്തിന്നല്ലെങ്കിൽ അതു നീക്കാൻ ശ്രമിക്കേണ്ടതു ഗവൺമെണ്ടിൻെറ ചുമതലയല്ലെ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ. അവക്കു് ഈ വാർണിങ്ങ് ഒരു അലങ്കാരമല്ലെന്നു് പറയുകയാണെങ്കിൽ, അവർ അതിനെക്കുറിച്ചു് അപേക്ഷ ബോധിപ്പിക്കട്ടെ.

മിസ്റ്റർ പി. ടി. ജേക്കബ് : വാർണിങ്ങ് ഒരു ലഘുവായ ശിക്ഷയാണെങ്കിൽ അതു് ഒരലങ്കാരമായിതീരുമോ ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : ഒരുകാലത്തു ദൂഷണമായിരുന്നതു് മറെറാരുകാലത്തു ഭൂഷണമായി പരിണമിച്ചേക്കാമെന്നു മുമ്പു പറഞ്ഞിട്ടില്ലെ ?

മിസ്റ്റർ പി. ടി. ജേക്കബ് : ഇതു് അതുപോലെയാണോ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : ഇതു് അതുപോലെയാണോ അല്ലയോ എന്നുള്ളതു ഞാൻ തെളിയിക്കട്ടെ.

മിസ്റ്റർ എം. കെ. രാജ : ഗവൺമെണ്ടിന്നു് അത്രോചകമായ രാഷ്ട്രീയാഭിപ്രായങ്ങൾ ഉള്ള ആരെങ്കിലും പ്രസംഗിക്കാനിടയായ ഒരു യോഗത്തിൽ ഹാജരാകാൻ യദൃച്ഛയാ ഇടയാവുന്ന ഒരു ഗവൺമെണ്ടുദ്യോഗസ്ഥൻ ഏ.ഒ-ാം സ്റ്റാൻറിങ്ങ് ഓർഡറിൽനിന്നു രക്ഷപ്പെടാൻ എന്തു നടപടിയാണെടുക്കേണ്ടതു് ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : ഉടനെ ഇറങ്ങിപ്പോരണം.

BEE-HIVES—SUPPLY OF

103. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീയ്ത് : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു ബഹുമാനപ്പെട്ട ഗവൺമെണ്ടു് മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ താലൂക്കു് Bee-Organiser-ുടെ അധീനത്തിൽ എത്ര തേനീച്ച കൂട്ടുകൾ കൊടുത്തിട്ടുണ്ടു് ;

(ബി) തേനീച്ച കൂട്ടുകളുടെ വിതരണസമ്പ്രദായത്തിൽ പല അനീതികളും അഭ്യൂഹം ചെയ്യുന്നുണ്ടെന്നു് ഗവൺമെണ്ടിനു് എപ്പോഴെങ്കിലും അഭിപ്രായങ്ങൾ കിട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഓർഗനൈസർ തേനീച്ച വളർത്തലിനുവേണ്ടി ചെയ്തു കൊണ്ടു ശക്തരക്ഷ ബോധിപ്പിച്ച ഹർജിയുടെ പകർപ്പു മേശപ്പുറത്തു വെക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly